ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ മോട്ടോർവാഹന വകുപ്പിന് പരിമിതികളുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പരസ്യബോർഡുകൾ, ഹോർഡിങ്ങുകൾ എന്നിവ നീക്കം ചെയ്യുന്നതിലേക്കായി ജില്ലാ റോഡ് സുരക്ഷാ കൗൺസിലിൽ കേരള റോഡ് സുരക്ഷാ നിയമത്തിന്റെ അടിസ്ഥാനത്തിൽ അവശ്യനടപടികൾ സ്വീകരിക്കണമെന്ന് എല്ലാ റീജിണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കാഴ്ച മറയ്ക്കുംവിധം ബോർഡുകൾ സ്ഥാപിച്ചതുമൂലം ഒരപകടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കോട്ടയം ജില്ലയിൽ അപകടത്തിൽ ഒരാൾ മരണപ്പെട്ടിട്ടുണ്ട്. ആർക്കും പരിക്കേറ്റിട്ടില്ല.

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്ന വാഹനങ്ങൾ

269 (7832) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ കണക്കനുസരിച്ച് മോട്ടോർ തൊഴിലാളി ക്ഷേമനിധി അടച്ചതിനുശേഷംമാത്രം നികുതി സ്വീകരിക്കേണ്ടതായ എത്ര വാഹനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലെ നിയമമനുസരിച്ച് വാഹനനികുതി അടയ്ക്കുമ്പോൾ ക്ഷേമനിധി വിഹിതം അടച്ച രസീതുകൂടി ഹാജരാക്കേണ്ടതുണ്ടോ ; വ്യക്തമാക്കാമോ ;

(സി) എങ്കിൽ, ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടവയും എന്നാൽ അത് ചെയ്യാത്തതുമായ വാഹനങ്ങൾ നികുതി അടയ്ക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം നികുതിയടയ്ക്കുന്നതെങ്ങനെയെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) 31-3-2014 വരെ 13,84,251 വാഹനങ്ങൾ മോട്ടോർ തൊഴിലാളി ക്ഷേമനിധി അടച്ചതിനുശേഷം നികുതി സ്വീകരിക്കേണ്ടതായുണ്ട്. പി.എഫ്. ഉള്ളവരെയും 60 വയസ്സിന് മുകളിലുള്ളവരേയും മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ നിയമത്തിൽ 2005-ൽ നിലവിൽ വന്ന ഭേദഗതിയനുസരിച്ച് ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി അടയ്ക്കണമെന്നുണ്ടെങ്കിൽ നികുതി അടയ്ക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൊട്ടുമുൻപുള്ള മാസംവരെയുള്ള വെൽഫെയർ ഫണ്ട് അടച്ച രസീത് ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രസീത് ഹാജരാക്കുന്നമുറയ്ക്ക് മാത്രമേ വകുപ്പിന്റെ ഓഫീസുകളിൽ നികുതി സ്വീകരിക്കുകയുള്ളൂ.

(സി) ക്ഷേമനിധി വിഹിതം അടച്ച രസീത് ഹാജരാക്കുന്നവരിൽ നിന്നാണ് നികുതി എടുക്കുന്നത്. എന്നാൽ വാഹന ഉടമകൾ ക്ഷേമനിധി അടയ്ക്കാതെ നികുതി അടയ്ക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷേമനിധി അടച്ചവരുടെ വിവരങ്ങൾ കമ്പ്യൂട്ടറിലോ അല്ലാതെയോ മോട്ടോർ വാഹന വകുപ്പിൽ ലഭ്യമല്ല. വ്യാജ രസീത് കാണിച്ച് നികുതി അടച്ചതും രസീത് ഇല്ലാതെ നികുതി സ്വീകരിച്ചതുമായ ഒറ്റപ്പെട്ട സംഭവങ്ങൾമാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. ക്ഷേമനിധി അടയ്ക്കാത്തതിനാൽ നികുതി അടയ്ക്കാത്തവരുടെ എണ്ണവും കൂടുതലാണ്. വാഹനം പിടിച്ചെടുത്ത് സുരക്ഷിതമായി കസ്റ്റഡിയിൽ വയ്ക്കുവാൻ പോലീസ് സ്റ്റേഷനിൽ സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാൽ മോട്ടോർ വാഹന വകുപ്പിനും നടപടി എടുക്കുവാൻ സാധിക്കുന്നില്ല. ആകയാൽ ക്ഷേനിധി അടയ്ക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ കമ്പ്യൂട്ടറിൽ ഫീഡ് ചെയ്ത് മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് തൊഴിൽ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിനെ അഴിമതിരഹിതമാക്കാൻ നടപടി

270 (7833) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർവാഹന വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ ഇടനിലക്കാർ വ്യാപകമായി കടന്നുവരുന്നത് ഒഴിവാക്കുവാനും ജനങ്ങൾക്ക് ഓഫീസുകളിൽനിന്നും നേരിട്ട് ലഭിക്കാവുന്ന സേവനങ്ങൾ ഇടനിലക്കാരിലൂടെ മാത്രമേ ലഭിക്കൂ എന്ന സാഹചര്യം അവസാനിപ്പിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ആർ. ടി. ഓഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടത്തുന്നതിലൂടെ മാത്രം ഇടനിലക്കാരുടെ കടന്നുകയറ്റവും കൈക്കൂലിയും അഴിമതിയും മോട്ടോർ വാഹന വകുപ്പിൽനിന്നും ഒഴിവാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ;

(സി) ജനങ്ങൾക്ക് താമസംകൂടാതെ സേവനം നേരിട്ട് ലഭിക്കുന്നതിനും കൈക്കൂലി ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ ;

(ഡി) ആർ.ടി. ഓഫീസുകളുമായി ബന്ധപ്പെട്ട പരാതികളും ഇടനിലക്കാർ ബന്ധപ്പെട്ട അഴിമതികളും വിജിലൻസിന് റിപ്പോർട്ടുചെയ്യുവാനും അടിയന്തരമായ നടപടികളിലൂടെ വകുപ്പിനെ അഴിമതിവിമുക്തമാക്കുവാനും ടോൾഫ്രീ നമ്പർ സംവിധാനവും വെബ്സൈറ്റും ആരംഭിക്കുമോ ?